**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2563** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഹൈസ്കൂൾ പാഠ്യപദ്ധതിയിൽ സംരംഭക വിഷയങ്ങൾ ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഹൈസ്കൂൾ തലത്തിൽ വിദ്യാർത്ഥികളിൽ സംരംഭകശീലം വർദ്ധിപ്പിക്കുന്നതിനായി പാഠ്യപദ്ധതിയിൽ സംരംഭക വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിന് വ്യവസായ വകുപ്പ് മുൻകൈ എടുക്കുമോയെന്ന് അറിയിക്കാമോ? | (എ) | സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധപദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്<br><br>സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ (സ്കൂളുകൾ,കോളേജുകൾ, സാങ്കേതിക സ്ഥാപനങ്ങൾ) വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തുക, സംരംഭക സൃഷ്ടിയിൽ സംഭാവന നൽകുന്നതിനുള്ള നൈപുണ്യം, സാങ്കേതികവിദ്യകൾ, ആത്മവിശ്വാസം തുടങ്ങിയവ ഉറപ്പുവരുത്തുക തുടങ്ങിയ ഉദ്ദേശത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംരംഭകത്വ വികസന ക്ലബ് (ഇഡിസി) സംരംഭകരെന്ന നിലയിൽ നേരിട്ട് അല്ലെങ്കിൽ പരോക്ഷമായി അവരെ സജ്ജരാക്കുക എന്നതാണ് സംരംഭകത്വ വികസന ക്ലബ്ബുകളിലൂടെ ലക്ഷ്യമിടുന്നത്.<br><br>ഹൈസ്കൂൾ തലം മുതൽ കോളേജ് തലം വരെ (പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പോളിടെക്നിക്കുകൾ ഉൾപ്പെടെ) ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ പരിശീലനം നൽകി സംരംഭകത്വത്തിന്റെ വിവിധ വശങ്ങളിലേക്ക് വിദ്യാർത്ഥി സമൂഹത്തെ പരിചയപ്പെടുത്തി സംരംഭകത്വത്തിന് ഊർജ്ജസ്വലമായ ആവാസവ്യവസ്ഥ പരുവപ്പെടുത്തിയെടുക്കുവാനാണ് വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നത്.<br><br>പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ഫലപ്രദമായി കൈവരിക്കുന്നതിനായി ക്ലബ്ബുകളെ ബിഗിനർ, ഇന്റർമീഡിയറ്റ്, അഡ്വാൻസ്ഡ് എന്നിങ്ങനെ മൂന്ന് തലങ്ങളിലായി തരംതിരിച്ചുള്ള പ്രവർത്തനങ്ങളാണ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. ഹൈസ്കൂൾ, ടെക്നിക്കൽ |

ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ ബിഗിനർ തലത്തിലും, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, പോളി ടെക്നിക്കുകൾ, ഐ ടി ഐ എന്നിവ ഇന്റർമീഡിയറ്റ് തലത്തിലും ആർട്സ് & സയൻസ്, എഞ്ചിനീയറിംഗ്, മാനേജ്മെന്റ് കോളേജുകൾ അഡ്വാൻസ്ഡ് തലത്തിലും ഉൾപ്പെടുത്തി വ്യത്യസ്തങ്ങളായ പരിശീലനക്രമങ്ങളാണ് രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

സംരംഭകത്വ വികസന ക്ലബ്ബുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുവാനുള്ള സാമ്പത്തിക സഹായവും വ്യവസായ വകുപ്പ് നൽകുന്നതാണ്. ഈ തുക വിനിയോഗിച്ച് സംരംഭകത്വ വികസന പരിപാടികൾ നടപ്പിലാക്കാൻ കഴിയും, ഇത് കൂടാതെ ഇഡി ക്ലബ്ബുകളിലെ അംഗങ്ങൾക്ക് അവർ മുന്നോട്ട് വച്ച സംരംഭക ആശയം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഗ്രാന്റ് കൂടി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

ഇ ഡി ക്ലബ്ബുകൾക്കുള്ള മറ്റു പ്രിവിലേജുകൾ

1. ജില്ലാതലത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ഇ.ഡി ക്ലബ്ബുകളെ സംസ്ഥാനതല ഇ.ഡി ക്ലബ് കോൺക്ലേവിൽ പങ്കെടുക്കാൻ ക്ഷണിക്കും.
2. ഇ.ഡി ക്ലബ്ബുകളുടെ നൂതന ഉത്പന്നങ്ങൾ ജില്ലാ, സംസ്ഥാനതല കോൺക്ലേവുകളിൽ പ്രദർശിപ്പിക്കും.
3. വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന സംരംഭകത്വ വികസന പരിപാടികളിലേക്ക് ഇ.ഡി ക്ലബ് അംഗങ്ങളെ ക്ഷണിക്കും.
4. വിവിധ ഇ.ഡി ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി വ്യവസായ കേരളം മാസികയുടെ എല്ലാ ലക്കത്തിലും കോളം നീക്കിവെക്കും.
5. വ്യവസായ കേരളം മാസികയുടെ സൗജന്യ സബ്സ്ക്രിപ്ഷൻ ഇ.ഡി ക്ലബ്ബുകൾക്ക് നൽകും.

നിലവിലുള്ള ഇ ഡി ക്ലബ്ബുകളുടെ മാർഗനിർദേശങ്ങളിൽ മേൽ പറഞ്ഞ രീതിയിൽ ഭേദഗതി വരുത്തി പുതിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള പ്രൊപോസൽ പരിശോധനയിലാണ്.

ഇതു കൂടാതെ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 5 ഏക്കർ സ്ഥലം ഉള്ളവർക്ക് അവിടെ ക്യാമ്പസ് ഇൻഡസ്ട്രീയൽ പാർക്ക് സ്ഥാപിക്കാവുന്നതാണ്. 2 ഏക്കർ സ്ഥലം ഉള്ളവർക്ക് Standard Design Factory (SDF) സ്ഥാപിക്കാവു ന്നതാണ്. ഇതുമുഖേന വിദ്യാർത്ഥികളിൽ സംരംഭകത്വം

| | | | |
|---|---|---|---|
| | | | വികസിപ്പിക്കുന്നതിനും അവരുടെ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സർക്കാർ ഊന്നൽ നൽകുന്നു.<br><br>കൂടാതെ ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതു സൗകര്യങ്ങൾ ഒരുക്കുന്നതിന് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെ ഒരു എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ